# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

നം: ഇ.ബി/1867/എസ്.എസ്.യു.എസ്/2012 തീയതി: 20.02.2017

## പരിപത്രം

വിഷയം: ഗ്രേസ് ഗ്രേഡ് കൂട്ടിച്ചേർത്ത് കിട്ടുന്നതിനുള്ള വിദ്യാർത്ഥികളുടെ അപേക്ഷ - സമയപരിധി പാലിക്കുന്നത് സംബന്ധിച്ച്.

സർവകലാശാലയിലെ ചില വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ എസ് .ഡബ്ല്യൂ.സി വിഭാഗത്തിൽ നിന്നും പുറപ്പെടുവിക്കുന്ന ഗ്രേസ് ഗ്രേഡ് അനുവദിച്ചുകാണ്ടുള്ള ഉത്തരവുകൾ പ്രകാരം ഗ്രേസ് ഗ്രേഡ് കൂട്ടിച്ചേർത്ത് കിട്ടുന്നതിനുള്ള അപേക്ഷയും അസ്സൽ ഗ്രേഡ് ഷീറ്റുകളും പരീക്ഷാ വിഭാഗത്തിൽ സമയബന്ധിതമായി (ഒരു മാസത്തിനുള്ളിൽ ) സമർപ്പിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

എസ്. ഡബ്ല്യൂ.സി വിഭാഗം പുറപ്പെടുവിക്കുന്ന ഗ്രേസ് ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽതന്നെ അനുവദിക്കപ്പെട്ട ഗ്രേസ് ഗ്രേഡ്, ഗ്രേഡ് ഷീറ്റിൽ ചേർത്ത് കിട്ടുന്നതിനുള്ള അപേക്ഷയും അസ്സൽ ഗ്രേഡ് ഷീറ്റുകളും ബന്ധപ്പെട്ട പരീക്ഷാ വിഭാഗത്തിൽ നേരിട്ടോ തപാൽ മുഖേനയോ ഹാജരാക്കുവാൻ ബാധ്യസ്തരാണ്. (ഇവ ക്യാമ്പസ് ഡയറക്ടർമാരുടെ ഓഫീസിൽ നൽകേണ്ട ആവശ്യമില്ല.)

നിശ്ചിത സമയപരിധിക്കുശേഷം ബന്ധപ്പെട്ട പരീക്ഷാ വിഭാഗത്തിൽ ലഭിക്കുന്ന അപേക്ഷകൾ മേലിൽ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല എന്ന് ഇതിനാൽ അറിയിക്കുന്നു. ഈ അറിയിപ്പ് എല്ലാ വിദ്യാർത്ഥികളുടെയും ശ്രദ്ധയിൽപ്പെടുന്നരീതിയിൽ ആവശ്യമായ പ്രചരണം നൽകേണ്ടതാണ്.

പ്രോ വൈസ് ചാൻസലർ

സ്വീകർത്താവ്

1. എല്ലാ ക്യാമ്പസ് ഡയറക്ടർമാർക്കും എല്ലാ വകുപ്പ് അധ്യക്ഷൻമാർക്കും.
2. സിസ്റ്റം അനലിസ്റ്റ് (വെബ് സൈറ്റിൽ ഇടേണ്ട നടപടി സ്വീകരിക്കേണ്ടതാണ്).
3. പബ്ളിക് റിലേഷൻ ഓഫീസർ (പത്രക്കുറിപ്പ്).

പകർപ്പ്

1. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (പരീക്ഷാ വിഭാഗം), അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷാ വിഭാഗം)
2. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. സെക്ഷൻ ഓഫീസർമാർ (പരീക്ഷാ വിഭാഗം സി,ഡി, എസ്.ഡബ്ല്യൂ.സി)
4. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ/റിക്കോർഡ് വിഭാഗം
5. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.